കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത്

# 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ/എം.പി.എം.24/27/2017

സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

തീയതി 01.02.2017

e-mail:dompm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്-2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

- സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് : 1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

കെ.എസ്.എ/എം.പി.എം.24/27/2017

തിയ്യതി: 01.02.2017

# മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 30.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 03 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ഷാജഹാൻ.എ.എസ്, ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 23-12-2016 മുതൽ 31.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.എം.പി.സതീഷ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | : | ശ്രീ.സന്തോഷ് പി ടി | അസി.ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ.അമീൻ ഫൈസൽ.ടി.ടി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ.

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ എൻ കെ അഹമ്മദ് അഷറഫ് | 01.04.2015മുതൽ31.10.2015വരെ |
| | | അഡ്മിനിസ്ട്രേറ്റീവ് ബോർഡ് | 01.11.2015 മുതൽ 18.11.2015 വരെ |
| | : | ശ്രീമതി.സുഹറാബി പി പി | 19.11.2015മുതൽ31-03-2016വരെ |
| സെക്രട്ടറി | : | ശ്രീ ബീരാൻകുട്ടി കെ | 01.04.2015മുതൽ 23-07.2015വരെ |

| | | |
|---|---|---|
| | ശ്രീമതി റഹിയാൻബി കെ | 24-07-2015 മുതൽ 19-01-2016 വരെ |
| | ശ്രീമതി മറിയാമ്മ എൻ ജി | |
| | അസി.സെക്രട്ടറി (ഇൻ-ചാർജ്) | 20-01-2016 മുതൽ 31-03-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി എഞ്ചിനീയർ | : ജോൺസൺ പി സി | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച്സി | : ഡോ. ഫിറോസ് ഖാൻ | 01-04-2015 മുതൽ 16-06-2015 വരെ |
| | : ഡോ മുഹമ്മദ് യൂസഫ് | 17-06-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ(GAD) | : ഡോ പ്രമീള | 01-04-2015 മുതൽ 31-03-2016 വരെ |
| കൃഷി ഓഫീസർ | : രഞ്ചിത പി | 01-04 2015 മുതൽ 31-03 2016 വരെ |
| വെറ്ററിനറി സർജൻ | : ഡോ. അബ്ദുൾ നാസർ പഞ്ചോളി | 01-04 2015 മുതൽ 31-03 2016 വരെ |
| വി ഇഒ | : ഉഷാകുമാരി | 01-04 2015 മുതൽ 31-03 2016 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | : ലില്ലി മാത്യു | 01-04 2015 മുതൽ 31-08 2015 വരെ |
| | : മിനി കെ പി | 01-09-2015 മുതൽ 10-01-2016 വരെ |
| | : ബിന്ദു എം | 11-01-2016 മുതൽ 31-03 2016 വരെ |
| ഹെഡ്മാസ്റ്റർ | : അബ്ദുസമദ് എൻകെ | 01-04 2015 മുതൽ 31-10-2015 വരെ |
| | : ഗിരിജ വി | 01-11-2015 മുതൽ 31-03-2016 വരെ |
| അസി. സെക്രട്ടറി | : വേണു പി | 01-04-2015 മുതൽ 19-08 2015 വരെ |
| | : മറിയാമ്മ എൻ ജി | 20-08-2015 മുതൽ 31-03-2016 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |

| | | | |
|---|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം 2 | | | |
| 12 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി ചുമത്തി 3129 രൂപ നഷ്ടം | 2-1 | |
| 13 | കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. | 2-2 | |
| 14 | കംഫർട്ട് സ്റ്റേഷൻ പാട്ടക്കുടിശ്ശിക | 2-3 | |
| 15 | ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് | 2-4 | |
| 16 | തൊഴിൽ നികുതി അപാകതകൾ | 2-5 | |
| ഭാഗം 3 | | | |
| 17 | പൊതുമരാമത്ത് പ്രവൃത്തികൾ നേരിടുന്ന പ്രശ്നങ്ങൾ | 3-1 | |
| 18 | പൊതുമരാമത്ത് പ്രവൃത്തികൾ വിശദവിവരം ഹാജരാക്കേണ്ടതാണ്. | 3-2 | |
| 19 | അസി സെക്രട്ടറി നിർവഹണം നടത്തിയ പ്രോജെക്ടുകൾ-അപാകതകൾ | 3-3 | |
| 20 | ഭവനപുനരുദ്ധാരണം അപാകതകൾ | 3-4 | |
| 21 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-5 | |
| 22 | മരുന്നുകൾ ലഭ്യമാക്കിയില്ല. | 3-6 | |
| 23 | സ്കൂൾ ലൈബ്രറികൾക്ക് പത്രവിതരണം-ബില്ലിൽ വിശദവിവരങ്ങളില്ല | 3-7 | |
| 24 | കാലഹരണപ്പെട്ട യാത്രാപ്പടി നൽകി | 3-8 | |
| 25 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 3-9 | |
| 26 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നത് | 3-10 | |
| 27 | അഡ്വാൻസുകൾ ക്രമീകരിക്കേണ്ടതാണ്. | 3-11 | |
| 28 | സാംഖ്യ വൗച്ചറുകൾ സൂക്ഷിക്കേണ്ടതാണ്. | 3-12 | |
| 29 | വ്യക്തിഗത ആനുകൂല്യ വിതരണം മുൻഗണനാക്രമം പാലിക്കേണ്ടതാണ്. | 3-13 | |
| 30 | ആശ്രയ പദ്ധതി അവലോകനം | 3-14 | |
| ഭാഗം 4 | | | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം I | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 31.03.2015 തിയതിയിലെ 01 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2015 | 25.06.2016 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 24.12.2016 & 26.12.2016 | ഓഡറ്റ് റിപ്പോർട്ടിൽ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

2015-16-ലെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.
3. വൗച്ചർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

4. ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള വൗച്ചറുകളിൽ സാംഖ്യാ വൗച്ചർ ഉള്ളടക്കം ചെയ്തിട്ടില്ല.
5. വസ്തുനികുതി ഡിമാന്റ്/അരിയർ ഡിമാന്റ് റജിസ്റ്റർ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6. തൊഴിൽ നികുതി (ജീവനക്കാർ) രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. (Dif- 8850/-)
7. വാടക കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
8. പിരിഞ്ഞുകിട്ടാനുള്ളതിൽ സംശയാസ്പദമായ തുകകൾക്ക് (Sundry Debtors- receivables) പ്രൊവിഷൻ നൽകിയിട്ടില്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 22848666 |
| വരവ് | 44292301 |
| ആകെ | 67140967 |
| ചെലവ് | 56635478 |
| നീക്കിയിരിപ്പ് | 10505489 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ കാലഹരണ പ്പെട്ടത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 3031354 | 3813606 | (+)5464696 | 12309656 | 6844960 | 5464696 | 59 |
| വികസനഫണ്ട് എസ്.സി.പി. | 717100 | 2408589 | (-) 717100 | 2408589 | 2408589 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 36000 | 0 | 36000 | 36000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1469767 | 7741929 | 0 | 9211696 | 9211696 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (NR) | 1100488 | 1683124 | 0 | 2783612 | 2783612 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻഗ്രാന്റ് | 1880170 | 6225568 | (-)2206559 | 5899179 | 5899179 | 0 | 100 |
| ലോക ബാങ്ക് സഹായം | 3799768 | 2355652 | (-)2541037 | 3614383 | 3614383 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 12596063 | | 12596063 | 12594285 | 1778 | 99 |
| ബി ഫണ്ട് | 0 | 28773160 | | 28773160 | 28773160 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 241 | 61006735 | 183 | 47323848 | 30 | 28 | 76 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 6 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4904575 | 3948107 | 956468 | 19.50 |
| നികുതിയേതര വരവുകൾ | 1095373 | 429643 | 665730 | 47.06 |
| മറ്റുവരവുകൾ | 96940 | 300316 | 203376 | 29.11 |
| ആകെ | 6096888 | 4678066 | 1418822 | 28.52 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 223200 | 132 |
| കർഷകതൊഴിലാളി പെൻഷൻ | 2319330 | 309 |
| വിധവാപെൻഷൻ | 12379600 | 1300 |
| വാർദ്ധക്യകാലപെൻഷൻ | 9226740 | 1367 |
| വികലാംഗപെൻഷൻ | 4025135 | 404 |
| അവിവാഹിതാ പെൻഷൻ | 493120 | 51 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനയഹായം | 60000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3-1-17 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പ് 9820 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പ്രത്യേക പരാമർശമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-10-2016 മുതൽ 22-10-2016 വരെ | 2016 സെപ്തംബർ | 22-11.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഓഡിറ്റ് നടന്നിട്ടില്ല | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കുറഞ്ഞ നിരക്കിൽ വസ്തു നികുതി ചുമത്തി- 3129/- രൂപയുടെ നഷ്ടം.

100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവക്ക് ച.മീറ്ററിന് 50/- രൂപ നിരക്കിലാണ് പഞ്ചായത്തിൽ വസ്തു നികുതി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ശ്രീ.അബ്ദുൽ കരിം, എലച്ചോല വീട് എന്നയാളുടെ ഉടമസ്ഥതയിലുള്ള ഗോഡൗൺ കെട്ടിടത്തിന് [കെട്ടിട നമ്പർ XVII/58-A -അംഗീകൃത പ്ലാൻ, റിപ്പോർട്ട് Form2,Form6 എന്നിവ പ്രകാരം) ച.മീറ്ററിന് 30/- രൂപ നിരക്കിലാണ് പഞ്ചായത്തിൽ വസ്തു നികുതി ചുമത്തിയിട്ടുള്ളത്. കുറഞ്ഞ നിരക്കിൽ വസ്തു നികുതിനിർണ്ണയം നടത്തിയത് മൂലം 3129/- രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്.

| | |
|---|---|
| കെട്ടിട നമ്പർ | - XVII/58-A |
| അസസ്മെന്റ് തിയ്യതി | - 05.04.2016 |
| പ്ലിന്ത് ഏരിയ | - 142.21ച.മീറ്റർ |
| നികുതി ചുമത്തിയത് | - 4693/- [142.21* 30 +(+10% വർദ്ധനവ്] |
| നികുതി ചുമത്തേണ്ടത് | - 7822/- [142.21* 50 +(+10% വർദ്ധനവ്] |
| കുറവ് | - 3129/- [7822- 4693] |

വസ്തു നികുതി ഡിമാന്റ് ക്രമീകരിക്കേണ്ടതും, പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം 3129/- രൂപയും ആനുപാതികമായ ലൈബ്രറി സെസും ഈടാക്കേണ്ടതുമാണ്.

## 2-2 കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 282 പ്രകാരം റവന്യൂ ഡിപ്പോസിറ്റുകൾ ഫേം പിരിയേഡ് കഴിഞ്ഞ് മൂന്ന് വർഷത്തിനകം ക്ലെയിം ചെയ്യേണ്ടതും, അല്ലാത്തപക്ഷം ആയത് കാലഹരണപ്പെടുന്നതും, തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതുമാണ്. എന്നാൽ വിവിധ ഇനങ്ങളിലായി പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതും, കാലഹരണപ്പെട്ടതുമായ റവന്യൂ ഡിപ്പോസിറ്റുകൾ സമയ ബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല.

2002-03 മുതൽ 2010-11 വരെയുള്ള കാലയളവിൽ ഈ ഇനത്തിൽ തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതായ 4,51,683/- രൂപ ഡിപ്പോസിറ്റായിട്ടുണ്ട്. കാലഹരണപ്പെട്ട റവന്യൂ ഡിപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 കംഫർട്ട് സ്റ്റേഷൻ- പാട്ട കുടിശ്ശിക.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കംഫർട്ട് സ്റ്റേഷൻ ശ്രീ. അബ്ദുൽ മജീദ്, കുരി വീട് എന്നയാൾക്ക് 2015 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ നടത്തുന്നതിന് പാട്ടത്തിന് നൽകിയ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തേത് ഉൾപ്പടെ 28,102/- രൂപയുടെ കുടിശ്ശിക പഞ്ചായത്തിന് ലഭിക്കാനുണ്ട്. കുടിശ്ശിക അടവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും ടിയാൻ നാളിതുവരെ കുടിശ്ശിക അടവാക്കിയിട്ടില്ല.

കുടിശ്ശിക അടവാക്കാത്ത സാഹചര്യത്തിൽ കുടിശ്ശിക ഈടാക്കുന്നതിന് ടിയാനെതിരെ റവന്യൂ റിക്കറിയുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഡി & ഒ ലൈസൻസ് എടുക്കേണ്ടതാണ്. മേൽ ചട്ടത്തിലെ ചട്ടം 3പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതും, നടത്തി കൊണ്ട് പോകുന്നതും, 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ അസഹ്യത ഉളവാക്കുന്ന ഒരു പ്രവൃത്തിയായി കണക്കാക്കിയിട്ടുണ്ട്. ഇത്തരം ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ചട്ടം 7, ഉപചട്ടം 3 -ലെ പട്ടിക പ്രകാരമുള്ള ഫീസ് ഈടാക്കി ഡി & ഒ ലൈസൻസ് അനുവദിക്കേണ്ടതാണ്.

എന്നാൽ ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത്

പരിധിയിൽ പ്രവർത്തിക്കുന്നതും, ഈ ചട്ടത്തിന്റെ പരിധിയിൽ വരുന്നതുമായ പൗൾട്രി ഫാമുകൾ ലൈസൻസിന് അപേക്ഷിക്കുകയോ, ലൈസൻസ് അനുവദിക്കുകയോ ചെയ്തിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ലൈവ്സ്റ്റോക്ക് ഫാമുകളും ചട്ട പ്രകാരമുള്ള ലൈസൻസ് പ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

## 2-5 തൊഴിൽ നികുതി- അപാകതകൾ.

2015-16 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി പിരിവിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1. പഞ്ചായത്തിലെ ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഡ്രൈവറുടെ I & II അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിട്ടില്ല.
2. ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധ വർഷ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് അർദ്ധ വർഷങ്ങളിലായാണ് ഈടാക്കേണ്ടത്. എന്നാൽ എം.കെ.എം കൺസ്ട്രക്ഷൻ, ടോട്ടൽ ഓട്ടക്സ് തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി മുൻകൂട്ടി ഈടാക്കിയിട്ടുണ്ട്.
3. ട്രഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.
4. തൊഴിൽ നികുതി ചട്ട പ്രകാരമുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുമരാമത്ത് പ്രവർത്തികൾ– നേരിടുന്ന പ്രശ്നങ്ങൾ

1. എഞ്ചിനിയറിംഗ് സ്റ്റാഫിന്റെ കുറവ്

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 45.85 ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 163 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 147 എണ്ണം നടപ്പാക്കി. ഒരു അസി.എഞ്ചിനീയർ, 2 ഓവർസിയർ ഉൾപ്പെടുന്നതാണ് എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അംഗബലമെങ്കിലും ഒരു അസി.എഞ്ചിനീയർ, ഒരു ഓവർസിയർ എന്നിവർ മാത്രമാണ് ഓഡിറ്റ് കാലയളവിൽ ഉണ്ടായിരുന്നത്. മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്നു.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

2.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും ആയതിനായി പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

3.റോഡ് കോൺക്രീറ്റിംഗ് ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ ലംഘിച്ച് നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ മൊത്തം നടപ്പാക്കിയവയിൽ 10 പ്രവർത്തികൾ ( റോഡ്/പാത്ത് വേ) കോൺക്രീറ്റ് പ്രവർത്തികളാണ്. ടി പ്രവർത്തികൾ പരിശോധിച്ചതിൽ നല്ല രീതിയിൽ ടാറിംഗ് നടത്താവുന്ന, 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും 10cm കനത്തിൽ കോൺക്രീറ്റിംഗ് ചെയ്യുന്നു. എസ്റ്റിമേറ്റിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെ കോൺക്രീറ്റിംഗ് ചെയ്യുന്നതായും കാണുന്നു. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത്. സബ് ബേസ് സ്ട്രങ്തനിംഗ് ഉറപ്പ് വരുത്തിയ ശേഷവും 1:2:4 കോൺക്രീറ്റിംഗ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമുള്ള 7.5 സെ.മീ. കനത്തിൽ അധികം കനത്തിൽ ചെയ്യതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കി നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും മേൽ നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 3-2 പൊതുമരാമത്ത് പ്രവർത്തികൾ വിശദവിവരം ഹാജരാക്കേണ്ടതാണ്.

അസി. എഞ്ചിനിയർ നിർവഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവർത്തികളുമായി ബന്ധപെട്ട് വിശദവിവരം ഹാജരാക്കേണ്ടതാണ്.

1.കുഴൽ കിണറുകൾ ഹാൻഡ് പമ്പ് മാറ്റി സ്ഥാപിക്കൽ

| | |
|---|---|
| വൗച്ചർ | 89/30-3-16 |
| എഗ്രിമെന്റ് | 51/23-12-15 |
| എം- ബുക്ക് | 5/15-16 |
| കൺവീനർ | കെ.സിദ്ദീഖ് |
| തുക | 80000രൂപ |

9 കുഴൽ കിണറുകളുടെ ഹാൻഡ് പമ്പ് മാറ്റി സ്ഥാപിക്കുകയാണ് മേൽ പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. മാറ്റി സ്ഥാപിച്ച സാധനങ്ങൾക്ക് പകരമുള്ള പഴയ സാധനങ്ങൾ എന്ത് ചെയ്തുവെന്ന് എം ബുക്കിൽ രേഖപെടുത്താത്തതിനാൽ അവയുടെ സ്ഥിതിവിവരം വ്യക്തമാക്കേണ്ടതാണ്.

2.വിവിധ അംഗനവാടികളുടെ റിപ്പയർ

| | |
|---|---|
| വൗച്ചർ | 128/31-3-16 |
| എഗ്രിമെന്റ് | 51/23-12-15 |
| എം- ബുക്ക് | 33/2016 |
| കൺവീനർ | കെ.സിദ്ദീഖ് |
| തുക | 286051 |

മേൽ പ്രവർത്തികളിലുൾപെട്ട പടിഞ്ഞാറ്റുമുറി അംഗൻവാടിയുടെ ലാറ്ററൈറ്റ് ചുമർ പൊളിച്ചുമാറ്റുന്നതിനും ഉപയോഗ യോഗ്യമായ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുകയും എന്ന ഇനം 4.98m3 ചെയ്തിട്ടുണ്ടെങ്കിലും. ആയതിൽ നിന്ന് ഉപയോഗ യോഗ്യമായ / ഉപയോഗ ശൂന്യമായ സാധനങ്ങൾ സംബന്ധിച്ച യാതൊരു വിവരവും എം ബുക്കിൽ രേഖപെടുത്തിയിട്ടില്ല. മാത്രമല്ല ഇനം 7 പ്രകാരം കരാറുകാരന്റെ ലാറ്ററൈറ്റ് ഉപയോഗിച്ച് 2.08m3 പടവ് നടത്തിയതിന് 5459.60/m3 നിരക്കിൽ 11356 രൂപ മൂല്ല്യ നിർണ്ണയത്തിൽ അംഗീകരിച്ച് നൽകിയിട്ടുണ്ട്. മാത്രമല്ല ഇനം 3 പ്രകാരം പഴയ ഡോർ ഫ്രെയിമും അഴിച്ചുമാറ്റിയിട്ടുണ്ട്, ഇതു സംബന്ധിച്ച വിവരവും കെട്ടിടം പൊളിച്ചുമാറ്റിയപ്പോൾ മേൽക്കൂര എന്ത് ചെയ്തുവെന്നും വ്യക്തമാക്കേണ്ടതാണ്.

3,വിവിധ പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മാണം.

| | |
|---|---|
| വൗച്ചർ | 21/30-9-15 |
| എഗ്രിമെന്റ് | 115/30-3-15 |
| എം- ബുക്ക് | 48/14-15 |
| കരാറുക്കാരന് | കെ.സിദ്ദീഖ് |
| തുക | 221255 |

മേൽ പദ്ധതി പ്രകാരം 4 കുഴൽ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ വലിയ പറമ്പ് അംഗനവാടി, കോവളപാറ അംഗനവാടി എന്നിവിടങ്ങലിൽ കുഴിച്ച കുഴൽ കിണറുകൾക്ക് ഹാൻഡ് പമ്പ് ഫിറ്റ് ചെയ്തിട്ടില്ല. കിണറുകളിലെ ജല ലഭ്യത സംബന്ധിച്ച് എം ബൂക്കിൽ രേഖപെടുത്തിയിട്ടില്ല. മേൽ പരാമർശിച്ച കുഴൽ കിണറുകളിൽ വെള്ളം ഇല്ലെങ്കിൽ 24m, 8m, ക്രമത്തിൽ ആകെ 32m താഴ്ചയിൽ

140mm വ്യാസമുള്ള പി.വി.സി പൈപ്പ് സ്ഥാപിച്ചതിന് മീറ്ററിന് 430 രൂപ നിരക്കിൽ ആകെ 13760 രൂപ അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-3 അസി. സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- അപാകതകൾ

2015-16 വർഷത്തിൽ അസി. സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളുടെ നടത്തിപ്പിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻഫീസ്

ബിൽ നമ്പർ-6/31-3-16 - 300000 രൂപ ( 12 പേർക്ക് @ 25000)

പദ്ധതിപ്രകാരം 2015-16 വർഷത്തിൽ കോഴ്സിന് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻഫീസ് നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്, എന്നാൽ ചുവടെ ചേർത്തിരിക്കുന്ന വിദ്യാർത്ഥികൾ 2015-16 വർഷത്തിൽ കോഴ്സ് പൂർത്തിയാക്കിയവരാണെന്നും 2014-15 വർഷത്തിൽ സ്ഥാപനത്തിലെ വിദ്യാർത്ഥികളാ– യിരുന്നുവെന്നുള്ളതിനു മാത്രമാണ് സ്ഥാപനത്തിൽ നിന്ന് സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളത്. മാത്രമല്ല ഗുണഭോക്താക്കളാരും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിര താമസക്കാരാണെന്ന് കാണിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | പഠിച്ചിരുന്ന സ്ഥാപനം |
|---|---|---|
| സൂനി കെ ദാസ് | ബി.എം.സി.സി | ഫാറൂഖ് കോളേജ് |
| വിജയ് ഗോപാൽ | ബി.എഡ് | കാലിക്കറ്റ് യൂനിവേഴ്സിറ്റി ബി.എഡ് സെന്റർ, മലപ്പുറം |
| രേഷ്മ | ബി.എഡ് | കെ. എം കോളേജ് ,വാലില്ലാപുഴ |
| വിപിന | എം.ബി.ബി.എസ് | മെഡിക്കൽ കോളേജ്, കോഴിക്കോട് |

മേൽ കാരണങ്ങളാൽ 1ലക്ഷം രൂപ ( 4x 25000) അനുവദനീയമല്ലാത്ത ചെലവായി കണക്കാക്കുന്നു.

2.വിവാഹ ധന സഹായം

പട്ടിക ജാതിയിലുൾപെട്ട പെൺകുട്ടികളുടെ വിവാഹത്തിനായുള്ള ധനസഹായമായി 6 പേർക്ക് 50000 രൂപ നിരക്കിൽ 3 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കൾക്കൊന്നും പട്ടിക ജാതി വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്നു കാണിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

3. പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം.

ബിൽ നമ്പർ- 1/17-2-16 – 243150 രൂപ

മൊത്തം 15 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും സൈക്കിൾ വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ പത്താം ക്ളാസ് വിദ്യാർത്ഥികളാണെന്ന് കാണിക്കുന്ന സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രവും ടി ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിര താമസക്കാരാണെന്ന് കാണിക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല.ചെലവ് തുക ഓഡിറ്റ് തടസ്സം ചെയ്യുന്നു.

4.എസ്. സി ഭവന പുനരുദ്ധാരണം

മൊത്തം 29 പേർക്ക് 25000 രൂപ നിരക്കിൽ 7.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക |
|---|---|
| 3/31-3-16 | 2 ലക്ഷം |
| 5/31-3-16 | 125000 |
| 8/31-3-16 | 1ലക്ഷം |
| 9/31-3-16 | 50000 |
| 10/31-3-16 | 250000 |
| ആകെ | 7,25,000/- |

എന്നാൽ ഭവന പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ആയതിനനുസരിച്ച് മൂല്യ നിർണ്ണയം നടത്തുകയോ , വീട് പുനരുദ്ധാരണം പൂർത്തിയായതായി കാണിക്കുന്ന മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടോ ലഭ്യമല്ല .

അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിനാൽ 7,25000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 ഭവനപുനരുദ്ധാരണം -അപാകതകൾ

2015-16 വർഷത്തിൽ വിഇഒ നിർവഹണഉദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ച് രണ്ട് പ്രോജെക്കുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമനംമ്പർ | പ്രോജെക്റ്റ് നംമ്പർ | പ്രോജെക്റ്റിന്റെ പേര് | ബിൽ നംമ്പർ തീയതി | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | S0063/16 | ഭവന പുനരുദ്ധാരണം (ജനറൽ) | 9/15-16 18-2-16 | 560000 | 70 പേർക്ക് 8000 രൂപ വീതം |
| | | | 11/15-16 29-2-16 | 131838 | 19 പേർക്ക് 8000 രൂപ വീതം |
| | | | 20/15-16 31-3-16 | 20162 | |
| | | | 15/15-16 31-3-16 | 496000 | 62 പേർക്ക് 8000 രൂപ വീതം |
| | | | 18/15-16 | 48000 | 6 പേർക്ക് |

| | | | | | |
|---|---|---|---|---|---|
| | | | 31-3-16 | | 8000 രൂപ വീതം |
| 2 | SO295/16 | ഭവനപുനരുദ്ധാരണം (വനിത) | 16/15-16 31-3-16 | 160000 | 16 പേർക്ക് 10000രൂപ വീതം |
| | | ആകെ | | 1416000 | |

മേൽ പ്രോജെക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2. ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടതിനുശേഷമല്ല പ്രവൃത്തി നിർവഹിച്ചിട്ടുള്ളത്.

3. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ധനസഹായം കൈമാറിയതായി ബാങ്ക് സ്റ്റേറ്റ്മെന്റ് സാക്ഷ്യ- പ്പെടുത്താത്തതും വിശദാംശങ്ങൾ രേഖപ്പെടുത്താത്തതുമാണ്.

മേൽ സാഹചര്യത്തിൽ 1416000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച് നമ്പർ 2/27-2-16 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടി ലഭ്യമാക്കിയില്ല.

## 3-5 <u>വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല</u>

പ്രൊജക്റ്റ് നമ്പർ 62/16 ഐഎവൈ വിഹിതം ജനറൽ അടവാക്കുന്നതുമായി ബന്ധപ്പെട്ട് 26 ഗുണഭോക്താക്കളുടെ വിഹിതം 20000 രൂപ വീതം ആകെ 520000രൂപ മങ്കട ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. (ഡിഡി നംമ്പർ627238/29-2-16).ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ 520000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 <u>മരുന്നുകൾ ലഭ്യമാക്കിയില്ല</u>

മെഡിക്കൽ ഓഫീസർ പിഎച്ച്സി നിർവഹണഉദ്യോഗസ്ഥനായി 2015-16 വർഷത്തിൽ താഴെ പറയും പ്രകാരം വിവിധ ഏജൻസികളിൽനിന്നും മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നംമ്പർ | പ്രൊജക്റ്റ് നംമ്പർ | പ്രൊജക്റ്റിന്റെ പേര് | സ്ഥാപനം | നൽകിയ തുക | ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാക്കാനവ ശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|---|
| 1 | SO008/16 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റിവ് ഫാർമസി | 75000 | ഇല്ല | 75000 |
| 2 | SO004/16 | പരിരക്ഷ പദ്ധതിക്ക് സൈക്ക്യാട്രിക് മെഡിസിൻ | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 105000 | 45022 | 59978 |

| | | | | | | |
|---|---|---|---|---|---|---|
| | | ലഭ്യമാക്കൽ | | | | |
| 3 | SO007/16 | പി എച്ച്സി യിലേക്ക് മരുന്ന വാങ്ങൽ | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 100000 | 82557 | 17443 |

ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 സ്കൂൾ ലൈബ്രറികൾക്ക് പത്ര വിതരണം-ബില്ലിൽ വിശദവിവരങ്ങളില്ല.

പ്രൊജക്ട് നമ്പർ SO148/16പ്രകാരം ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി വിവിധ സ്കൂൾ ലൈബ്രറികൾക്ക് പത്രവിതരണം നടത്താനായി 30000 രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നംമ്പർ 2/15-16 23-3-16). വി കെ അബ്ദുൾസലാമിനാണ് തുക കൈമാറിയിട്ടുള്ളത്. ഫയലിനോടൊപ്പം ഹാജരാക്കിയ രശീതി പ്രകാരം ദേശാഭിമാനി-17000രൂപ, മാധ്യമം-9800 രൂപ, മലയാള മനോരമ-3200 രൂപ എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. ഏതു തീയതി മുതൽ ഏതു തീയതി വരെ ഓരോ മാസവും എത്ര പത്രമാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് ബില്ലിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ചെലവ് തുക 30000 രൂപ ഓഡിറ്റിൽതടസ്സം ചെയ്യുന്നു.

## 3-8 കാലഹരണപ്പെട്ട യാത്രപ്പടി നൽകി.

കേരള ഫിനാൻഷ്യൽ കോഡ് Art.56 (d) പ്രകാരം യാത്രപ്പടി ഡ്യൂ ആയത് മുതൽ രണ്ട് വർഷം വരെ ബന്ധപ്പെട്ട അക്കൗണ്ടിൽ നിന്നും പിൻവലികാവുന്നതും, രണ്ട് വർഷം കഴിഞ്ഞാൽ ആയത് കാലഹരണപ്പെടുന്നതുമാണ്. എന്നാൽ പഞ്ചായത്തിലെ ഡ്രൈവർ ശ്രീ. കെ അബ്ദുൽ സലാം എന്നയാൾക്ക് 2100388/ 05.10.2015 നമ്പർ വൗച്ചർ പ്രകാരം 03/2013 മുതൽ 09/2013 വരെയുള്ള കാലയളവിലെ കാലഹരണപ്പെട്ട യാത്രപ്പടി 6550/- രൂപ സെക്രട്ടറി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| മാസം/ വർഷം | യാത്രപ്പടി തുക | കാലഹരണപ്പെട്ട തിയ്യതി |
|---|---|---|
| 03/2013 | 980 | 31.03.2015 |
| 04/2013 | 980 | 30.04.2015 |
| 05/2013 | 750 | 31.05.2015 |
| 06/2013 | 980 | 30.06.2015 |
| 07/2013 | 980 | 31.07.2015 |
| 08/2013 | 980 | 31.08.2015 |
| 09/2013 | 900 | 30.09.2015 |
| ആകെ | 6550 | |

കാലാവധിക്കുള്ളിൽ യാത്രാപ്പടി നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സംചെയ്യുന്നു.

## 3-9 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

താഴെ ചേർത്തിട്ടുള്ള പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിന് വേണ്ടി വിവിധ നിർവ്വഹണ ഏജൻസികളിലേക്ക് തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്റ്റ് പ്രകാരമുള്ള പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരം ലഭ്യമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണം : സെക്രട്ടറി.

| ക്രമ നമ്പർ | പ്രൊജക്റ്റ് | ചെലവിന്റെ വിവരം | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 01 | ആറ്റക്കോറ അംഗനവാടി വൈദ്യുതീകരണം (290/16) | Rs. 25,000/- Bill No. 22/31.03.16 MG (NR) | കെ.എസ്.ഇ.ബി, മങ്കട. |
| 02 | കുണ്ടാട് സബ് സെന്റർ വാട്ടർ കണക്ഷൻ (287/16) | Rs. 125,000/- Bill No. 24/31.03.16 MG (NR) | കേരള വാട്ടർ അതോറിറ്റി, മലപ്പുറം. |
| 03 | പള്ളിപ്പുറം പി.എച്ച്.സി സബ് സെന്റർ പൈപ്പ് ലൈൻ (305/16) | Rs. 1,50,000/- Bill No. 25/31.03.16 MG (NR) | -ടി- |
| 04 | പാറമ്മൽ- ചാത്തുണ്ണിപ്പറമ്പ് പൈപ്പ് ലൈൻ (283/16) | Rs. 75,000/- Bill No. 26/31.03.16 MG (NR) | -ടി- |
| ആകെ | | 3,75,000/- | |

പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക (3,75,000/-) തടസം ചെയ്യുന്നു.

## 3-10 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നത്.

പഞ്ചായത്തുകളിലെ സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നത് സംബന്ധിച്ച് 28.09.2011 -ലെ GO(Rt).No.2242/2011/LSGD ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം സംയുക്ത പരിശോധന നടത്താത്ത സ്ഥാപനങ്ങൾ രണ്ടാഴ്ച്ചക്കകം ആയതു നടത്തുന്നതിന് വാട്ടർ അതോറിറ്റിയെ രേഖാമൂലം അറിയിക്കേണ്ടതും, സംയുക്ത പരിശോധന നടത്തി മാത്രമേ വെള്ളക്കരം അടവാക്കാവൂയെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ ഉത്തരവ് പാലിക്കാതെ 2015-16 സാമ്പത്തിക വർഷമുൾപ്പെടെ സംയുക്ത പരിശോധന നടത്തുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതെയാണ് വെള്ളക്കരം അടവാക്കിവന്നിരുന്നത്. 2015-16 സാമ്പത്തിക വർഷത്തിൽ 209 ടാപ്പുകൾക്കായി മൊത്തം 10,97,256/- രൂപ അടവാക്കിയിട്ടുണ്ട്.

| ടാപ്പുകളുടെ എണ്ണം | ആകെ തുക (@5250/ ടാപ്പ്/ വർഷം) |
|---|---|
| 209 | 10,97,256 |

എന്നാൽ 2016-17 -ൽ നടത്തിയ സംയുക്ത പരിശോധന അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് പ്രകാരം (DB1/394/2015, 15.12.2016) പഞ്ചായത്തിൽ ആകെ 96 ടാപ്പുകളാണുള്ളതെന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം അടവാക്കിയത് മൂലം ഏകദേശം അഞ്ച് ലക്ഷത്തിലധികം രൂപയുടെ (1097256-504000= 593256) അധിക ചെലവ് 2015-16 സാമ്പത്തിക വർഷത്തിൽ മാത്രം പഞ്ചായത്തിന് ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇത്തരത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടാവുന്ന നഷ്ടം ഒഴിവാക്കുന്നതിനും, ജല വിതരണം കാര്യക്ഷമമാക്കുന്നതിനും, കൃത്യമായ ഇടവേളകളിൽ സ്ട്രീറ്റ് ടാപ്പുകൾ പരിശോധിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും, പ്രവർത്തന രഹിതമായവ വാട്ടർ അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 അഡ്വാൻസുകൾ ക്രമീകരിക്കേണ്ടതാണ്.

താഴെ ചേർക്കുന്ന ഇനങ്ങളിലായി പഞ്ചായത്ത് അഡ്വാൻസുകൾ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നമ്പർ | നൽകിയ സ്ഥാപനം / വ്യക്തി | ഇനം/ വൗച്ചർ നമ്പർ/ തിയ്യതി | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 01 | സുനിൽ, അസി. സെക്രട്ടറി | ഫെസ്റ്റിവൽ അഡ്വാൻസ് 21400340/ 03.09.2014 | 2000 |
| 02 | ജില്ലാ കലക്ടർ, മലപ്പുറം | റിവർ മാനേജ്മെന്റ് ഫണ്ട് 41400340/ 31.03.2014 | 12592 |

ശ്രീ.സുനിൽ, അസി. സെക്രട്ടറി എന്നവർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയിൽ അവശേഷിക്കുന്ന 2000/- രൂപ ലഭ്യമാക്കുന്നതിന് ടിയാൻ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം മുഖേന നടപടി സ്വീകരിക്കേണ്ടതാണ്. മണൽ പാസുകൾ സീൽ ചെയ്യുന്നതിന് റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ അടവാക്കിയ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 സാംഖ്യാ വൗച്ചറുകൾ സൂക്ഷിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് അക്കൗണ്ട്സ് റൂൾസ് പ്രകാരം പഞ്ചായത്തിന്റെ എല്ലാ ചെലവുകളും സാംഖ്യാ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ മുഖേന ബന്ധപ്പെട്ട ബാങ്ക്/ ട്രഷറി അക്കൗണ്ടിൽ നിന്നും ബുക്ക് ചെയ്യേണ്ടതും, ഇത്തരത്തിലുള്ള സാംഖ്യാ വൗച്ചറുകൾ, മാന്വൽ വൗച്ചറുകളുടെയും അനുബന്ധ രേഖകളുടെയും ഭാഗമാക്കി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിലെ 2015 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള മാസങ്ങളിലെ ചെലവുകളുടെ സാംഖ്യാ വൗച്ചറുകൾ, മാന്വൽ വൗച്ചറുകളുടെയും

അനുബന്ധ രേഖകളുടെയും ഭാഗമാക്കി സൂക്ഷിക്കുകയോ, പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ആയതിനാൽ മേൽ കാലയളവിലെ വൗച്ചറുകൾ പ്രകാരമുള്ള കൃത്യത ഓഡിറ്റിന് ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല. സാംഖ്യാ വൗച്ചറുകൾ, മാന്വൽ വൗച്ചറുകളുടെയും അനുബന്ധ രേഖകളുടെയും ഭാഗമാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-13 വ്യക്തിഗത ആനുകൂല്യ വിതരണം- മുൻഗണനാക്രമം പാലിക്കേണ്ടതാണ്.

2015-16 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കിടാരി വളർത്തൽ (പ്രൊ.നം.145), പശു വളർത്തൽ വനിത (പ്രൊ.നം.147), പോത്ത് വളർത്തൽ (പ്രൊ.നം.322) എന്നീ പ്രൊജക്ട പ്രകാരം ഗുണഭോക്താക്കൾക്ക് ധന സഹായം അനുവദിച്ചപ്പോൾ ഗ്രാമ സഭ, പഞ്ചായത്ത് ഭരണ സമിതി എന്നിവ അംഗീകരിച്ച ലിസ്റ്റിലെ മുൻഗണനാക്രമം പൂർണ്ണമായി പാലിച്ചിട്ടില്ല. ആയത് കൊണ്ട് കൂടിയ മാർക്ക് ലഭിച്ചവരെ മറികടന്ന് കുറഞ്ഞ മാർക്ക് ലഭിച്ചവർക്ക് ആനുകൂല്യങ്ങൾ ലഭിക്കാൻ കാരണമായിട്ടുണ്ട്.

ഗ്രാമ സഭ, പഞ്ചായത്ത് ഭരണ സമിതി എന്നിവ അംഗീകരിച്ച ലിസ്റ്റിലെ ഗുണഭോക്താക്കൾ പ്രൊജക്ടിന്റെ നിർവ്വഹണ സമയത്ത് ഗുണഭോക്തൃ വിഹിതം അടവാക്കാൻ തയ്യാറാവാത്തത് മൂലമാണ് ലിസ്റ്റിലെ താഴെയുള്ളവർക്ക് ആനുകൂല്യങ്ങൾ നൽകിയത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

ഇത്തരം സാഹചര്യങ്ങളിൽ ഗുണഭോക്തൃ വിഹിതം അടവാക്കാൻ ഗുണഭോക്താക്കളെ രേഖാമൂലം അറിയിക്കുകയോ, അവരുടെ സാക്ഷ്യപത്രം വാങ്ങുകയോ ചെയ്യേണ്ടതാണ്. പദ്ധതിയുടെ നിർവ്വഹണത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിന് ഇത്തരം രേഖകൾ ഫയലിന്റെ ഭാഗമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 3-14 ആശ്രയ പദ്ധതി - അവലോകനം.

സമൂഹത്തിലെ ഏറ്റവും പിന്നണ ആവശ്യമായ ജന വിഭാഗത്തിന് അതിജീവനത്തിന് ആവശ്യമായ സൗകര്യങ്ങൾ നൽകുക എന്നതാണ് ആശ്രയ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. ആശ്രയ പദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ട പ്രൊജക്ട് അടിസ്ഥാന വിവരങ്ങളും പ്രൊജക്ട് പ്രകാരം ഗുണഭാക്താക്കൾക്ക് നൽകാൻ ലക്ഷ്യമാക്കിയിരുന്നതും, നൽകിയതുമായ ഭൗതിക സൗകര്യങ്ങളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

I. ആശ്രയ പദ്ധതി (ഒന്നാം ഘട്ടം).

ആശ്രയ പദ്ധതി തുടങ്ങിയ സാമ്പത്തിക വർഷം - 2007-08

ഗുണഭോക്താക്കളുടെ എണ്ണം - 55

പദ്ധതി റിവൈസ് ചെയ്ത സാമ്പത്തിക വർഷം - 2010-11, 2013-14, 2014-15

| ഭൗതിക സൗകര്യങ്ങളുടെ വിവരം | പ്രൊജക്ട് പ്രകാരം ആവശ്യമുള്ളവരുടെ എണ്ണം | നൽകിയവരുടെ എണ്ണം |
|---|---|---|
| വീടുവെക്കാൻ സ്ഥലം | 30 | 08 |
| വീട് | 55 | 26 |

| | | |
|---|---|---|
| വീട് റിപ്പയർ | -- | -- |
| കക്കൂസ് | 55 | 16 |
| കുടിവെള്ളം | 25 | 09 |

II. ആശ്രയ പദ്ധതിയുടെ -രണ്ടാം ഘട്ടം.

പദ്ധതി തുടങ്ങിയ സാമ്പത്തിക വർഷം - 2013-14

DPR അംഗീരിച്ച തിയ്യതി - 17.09.2014

ഗുണഭോക്താക്കളുടെ എണ്ണം - 87 കുടുംബങ്ങൾ (243 ഗുണഭോക്താക്കൾ)

| ഭൗതിക സൗകര്യങ്ങളുടെ വിവരം | പ്രൊജക്ട് പ്രകാരം ആവശ്യമുള്ളവരുടെ എണ്ണം | നൽകിയവരുടെ എണ്ണം |
|---|---|---|
| വീട് | 12 | 05 |

പദ്ധതിയുടെ ഒന്നാം ഘട്ട പ്രകാരം വിഭാവനം ചെയ്ത സേവനങ്ങൾ പൂർണ്ണമായി ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. കൂടാതെ രണ്ടാം ഘട്ട പ്രൊജക്ടിൽ ഗുണഭോക്താക്കൾക്ക് വീടുവെക്കാൻ സ്ഥലം, വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം, സ്വയം തൊഴിൽ തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശം പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 70/16ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ /ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പള്ളിപ്പുറം സബ്സെന്റർ പൈപ്പ് ലൈൻ | 909 | 150000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 150000 |

| | | | | | | |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പാറമ്മൽ ചാത്തുണ്ണിപ്പറമ്പ് പൈപ്പ് ലൈൻ | 910 | 75000 | 0 | -ടി- | 75000 |
| കേരള വാട്ടർ അതോറിറ്റി | കുണ്ടാട് സബ്സെന്റർ കെഡബ്ലിയു കളക്ഷൻ | 908 | 125000 | 0 | -ടി- | 125000 |
| കെ എസ് ഇ ബി | ആറ്റക്കോറ അംഗനവാടി വൈദ്യുതീകരണം | 906 | 25000 | 0 | -ടി- | 25000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്.

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 4094108 |
| ആകെ | 4094108 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 2000000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2094108 |

അർബൻ കോ ഓപ്പറേറ്റിവ് ബാങ്കിന്റെ കുട്ടിലങ്ങാടി ശാഖയിൽ സ്ഥിരനിക്ഷേപം ചെയ്തിരിക്കുന്നു.

## 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44292301 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56635478 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 100000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3615700 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3(1) | | 100000 | മറിയാമ്മ എൻ ജി അസി.സെക്രട്ടറി |
| | ആകെ | 100000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 (2,3,4) | 1268150 | മറിയാമ്മ എൻ.ജി അസി.സെക്രട്ടറി |
| 3-4 | 1416000 | ഉഷാകുമാരി വി ഇ ഒ |
| 3-5 | 520000 | ഉഷാകുമാരി വിഇ ഒ |
| 3-7 | 30000 | ഗിരിജ വി ഹെഡ്മിസ്ട്രസ് |
| 3-8 | 6550 | റഹിയാൻബി.കെ |
| 3-9 | 375000 | മറിയാമ്മ എൻജി സെക്രട്ടറി ഇൻചാർജ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മറിയാമ്മ എൻ ജി അസി സെക്രട്ടറി | അസി സെക്രട്ടറി കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് | കുണ്ടൂർ ഹൗസ് ചേത്തക്കൽ പി ഒ |

| | | |
|---|---|---|
| | | പത്തനംതിട്ട ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ-ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1967-68 | എൽ എഫ് എം6/1149/86 തി.2-8-89 | 2 |
| 1968-69 | എൽഎഫ് എം 6/1150/86 തി.2-8-89 | 4 |
| 1969-70 | എൽഎഫ് എം 6/1150/86 തി.2-8-89 | 13 |
| 1970-71 | എൽഎഫ് എം 6/1150/86 തി.2-8-89 | 4 |
| 1971-72 | എൽഎഫ് എം 6/1153/86 തി.2-8-89 | 2 |
| 1972-73 | എൽഎഫ് എം 6/1154/86 തി 2-8-89 | 5 |
| 1973-74 | എൽഎഫ് എം 6/1155/86 തി 2-8-89 | 2 |
| 1974-75 | എൽഎഫ് എം 6/1156/86 തി.2-8-89 | 7 |
| 1975-76 | എൽഎഫ് എം 6/1157/86തി.2-8-89 | 5 |
| 1976-77 | എൽഎഫ് എം 6/1158/86 തി.2-8-89 | 16 |
| 1977-78 | എൽഎഫ് എം 6/1159/86 തി.2-8-89 | 39 |
| 1978-79 | എൽഎഫ് എം 6/1160/86 തി.2-8-89 | 15 |
| 1979-80 | എൽ എഫ് എം 6/1161/86 തി.2-8-89 | 8 |
| 1980-81 | എൽ എഫ് എം 6/1162/86 തി.2-8-89 | 14 |
| 1981-82 | എൽഎഫ് എം 6/1163/86 തി.2-8-89 | 12 |
| 1982-83 | എൽ എഫ് എം 6/1164/86 തി.2-8-89 | 20 |
| 1983-84 | എൽഎഫ് എം 6/1165/86 തി2-8-89 | 14 |
| 1984-85 | എൽഎഫ് എം 6/934/89 തി 16-10-89 | 21 |
| 1985-86 | എൽ എഫ് എം 6/1276/91 തി 6-5-92 | 24 |
| 1986-87<br>1987-88 | എൽഎഫ് എം 6/1027/92 തി.19-3-99 | 20 |
| 1988-89<br>1989-90 | എൽഎഫ് എം 6/312/94 തി 21-6-94 | 13 |
| 1990-91 | എൽ എഫ് എം 6/70/95 തി 9-5-95 | 20 |
| 1991-92 | എൽ എഫ് എം 6/410/93 തി 13-10-93 | 20 |
| 1992-93 | എൽഎഫ് എം 4/1056/97 തി 7-4-99 | 93 |

| | | |
|---|---|---|
| 1993-94<br>1994-95 | | |
| 1995-96 | എൽഎഫ് എം 11/374/04 തി 4-5-04 | 16 |
| 1996-97 | എൽഎഫ് എം 11/375/04 തി 4-5-04 | 22 |
| 1997-98 | എൽഎഫ് എം 11/373/04 തി 5-5-04 | 34 |
| 1998-99 | എൽ എഫ് എം 11/494/04 തി 4-2-05 | 2 |
| 1999-00 | എൽഎഫ് എം 11/1178/04 തി 6-7-05 | 46 |
| 2000-01 | എൽ എഫ് എം 11/1284/04 തി 1-7-05 | 35 |
| 2001-02 | എൽ എഫ് എം 11/1285/04 തി 5-7-04 | 61 |
| 2002-03 | എൽഎഫ് എം 11/1622/04 തി 26-4-05 | 20 |
| 2003-04 | എൽഎഫ് എം 12/1970/06 തി 13-6-07 | 12 |
| 2004-05 | എൽഎഫ് എം 12/1883/07 തി 10-10-07 | 10 |
| 2005-06 | എൽ എഫ് എം 12/1884/07 തി 10-10-07 | 16 |
| 2006-07 | എൽഎഫ് എം 12/1935/11 തി 15-11-11 | 32 |
| 2007-10 | എൽഎഫ് എം 13/2973/12 | 14 |
| 2010-11 | എൽഎഫ് എം 13/873/13 തി 12-7-13 | 18 |
| 2011-12<br>2012-13 | എൽഎഫ് എം 24/1106/14 | 17 |
| 2013-14<br>2014-15 | കെ എസ് എ എംപിഎം 24/2102/2016<br>തി 9-8-16 | 23 |

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# അനുബന്ധം I

## ഓഡിറ്റ് സാക്ഷ്യപത്രം 2015-16

കെ എസ് എ/എം പി എം/24/27/2017

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി 01.02.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷികധനകാര്യ പത്രിക വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003 ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

# Annexure-1 a

# AUDIT CERTIFICATE – 2015-16

No. KSA/MPM/24/27/2017

Kerala State Audit Department,
District Office, Malappuram.
Date 01.02.2017

Certified that I have Audited the Annual Financial Statement of Koottilangadi Grama Panchayat in Malappuram District for the year 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Koottilangadi Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DeputyDirector,
Kerala State Audit Department,
District Office, Malappuram.